B1/10891/2025/ DCETVM

കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം.
തീയതി - 18-12-2025

**പരിപത്രം**

വിഷയം :- കോളേജ് വിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം- അധ്യാപക ജീവനക്കാരുടെ Cadre Strength -SPARK സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യുന്നത് -സംബന്ധിച്ച്

സൂചന :- 24.10.2025 തീയതിയിലെ സർക്കാർ സർക്കുലർ നമ്പർ.77/2025/ധന.

. . . .

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലെയും Cadre Strength / Sanctioned Post, SPARK സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യണമെന്ന് സൂചന സർക്കുലർ പ്രകാരം സർക്കാരിൽ നിന്നും നിർദ്ദേശിച്ചിട്ടുണ്ട്. SPARK -ൽ ഡി ഡി ഓ -യുടെ ഇന്റർഫേസിലൂടെ ഓരോ സ്ഥാപനത്തിനും അനുവദിച്ചിട്ടുള്ള Sanctioned Post രേഖപ്പെടുത്തുവാൻ സാധിക്കുന്നവിധം SPARK സോഫ്റ്റ്‌വെയറിൽ സജ്ജീകരണം ചെയ്തിട്ടുണ്ടെന്നും വിവരങ്ങൾ 2026 ജനുവരി മാസത്തെ ശമ്പളബില്ല് തയ്യാറാക്കുന്നതിന് മുൻപ് SPARK -ൽ അപ്ഡേറ്റ് ചെയ്യണമെന്നും സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഈ വകുപ്പിന് കീഴിലുള്ള സർക്കാർ ആർട്സ് & സയൻസ് കോളേജുകൾ/ സർക്കാർ സംസ്കൃത കോളേജുകൾ/സർക്കാർ ടീച്ചർ എഡ്യൂക്കേഷൻ കോളേജുകൾ/ സർക്കാർ മ്യൂസിക് കോളേജുകൾ/സർക്കാർ ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് എന്നീ സ്ഥാപനങ്ങളിലെ അധ്യാപക വിഭാഗം ജീവനക്കാരുടെ Cadre Strength / Sanctioned Post വിവരങ്ങൾ SPARK -ൽ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അറിയിക്കുന്നു. സൂചന സർക്കുലറിന്റെ പകർപ്പ് തുടർ നടപടികൾക്കായി ഉൾപ്പെടുത്തുന്നു.

Signed by
S K Binu
Date: 18-12-2025 13:51:10

Binu S K
SENIOR ADMINISTRATIVE OFFICER

പകർപ്പ് :

1.സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്ക് .
2.കരുതൽ ഫയൽ / നടപ്പ് ഫയൽ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ധനകാര്യ (ഐ.ടി.എസ്.എഫ്) വകുപ്പ്

പരിപത്രം

നം. 77/2025/ധന തിരുവനന്തപുരം,തീയതി: 24/10/2025

വിഷയം:- വിവിധ വകുപ്പുകളിലെ തസ്തികകളുടെ Cadre Strength, SPARK-ൽ update ചെയ്യുന്നത് സംബന്ധിച്ച് തുടർ നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നു.

സൂചന:- 1. സ.ഉ.(അ) നം.117/2022/ധന തീയതി, 29/09/2022
2. സർക്കുലർ നം.80/2023/ധന തീയതി, 14/08/2023
3. സർക്കുലർ നം.36/2024/ധന തീയതി, 14/06/2024

സർക്കാർ അംഗീകാരം നൽകിയിട്ടില്ലാത്ത തസ്തികകൾക്ക് സ്പാർക്കിൽ നിന്നും ശമ്പളം മാറാൻ കഴിയാത്ത രീതിയിൽ സ്പാർക്ക് സോഫ്റ്റ് വെയറിൽ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് സൂചന 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സൂചന 2 പ്രകാരം, SPARK ൽ കേഡർ സ്ട്രെങ്ത് അപ്ഡേറ്റ് ചെയ്യുന്നതിനു വേണ്ടി എല്ലാ വകുപ്പുകൾക്കും 31.08.2023 വരെ സമയം നീട്ടി നൽകിയിരുന്നു. സൂചന 3 പ്രകാരം, 31.07.2024 വരെ സമയം നീട്ടി നൽകുകയും ചെയ്തു.

നിലവിൽ കേഡർ സ്ട്രെങ്ത് / സാങ്ഷൻഡ് തസ്തിക അപ്ഡേറ്റ് ചെയ്യുന്ന നടപടികൾ വിവിധ വകുപ്പുകൾ സ്വീകരിച്ചതിന്റെ പുരോഗതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിലെ തുടർനിർദ്ദേശങ്ങൾ എല്ലാ വകുപ്പ് മേധാവികളുടേയും, ഡി.ഡി.ഒ- മാരുടേയും ശ്രദ്ധയിലേക്കായി പുറപ്പെടുവിക്കുന്നു:-

i. സ്പാർക്കിൽ ഡി.ഡി.ഒ-യുടെ ഇന്റർഫേസിലൂടെ ഒരു ഓഫീസിന് അനുവദിച്ചിട്ടുള്ള സാങ്ഷൻഡ് പോസ്റ്റ് രേഖപ്പെടുത്തുവാൻ സാധിക്കുന്നവിധം സ്പാർക്ക് സോഫ്റ്റ്വെയറിൽ സജ്ജീകരണം ചെയ്തിട്ടുണ്ട് എന്ന് അറിയിക്കുന്നു. വിവരങ്ങൾ 2026 ജനുവരി മാസത്തെ ശമ്പള ബില്ല് തയ്യാറാക്കുന്നതിനു മുൻപ് സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യണമെന്ന് അറിയിക്കുന്നു.

ii. വകുപ്പ് മേധാവിക്ക് അങ്ങനെ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ പരിശോധിച്ച് ലോക്ക് ചെയ്യാൻ കഴിയും വിധമാണ് സോഫ്റ്റ്വെയറിൽ സജ്ജീകരണം ചെയ്തിട്ടുള്ളത്.

iii. കൂടാതെ ലോക്ക് ആകുന്ന വിവരങ്ങൾ അൺലോക്ക് ആക്കണമെങ്കിൽ ആയത് സ്പാർക്ക് കൺട്രോളർ ആക്സസ് മുഖേന മാത്രമേ സാധ്യമാവുകയുള്ളു എന്നും അറിയിക്കുന്നു.

iv. ഒരു കാര്യാലയത്തിലെ അനുവദിച്ച സാങ്ഷൻഡ് തസ്തികകൾ വകുപ്പ് തലവൻ ലോക്ക് ചെയ്തിട്ടില്ലെങ്കിൽ പ്രതിമാസ ശമ്പള പ്രോസസ്സിംഗ് സാധ്യമാകില്ല എന്നും കൂടാതെ കാര്യാലയത്തിലെ ജീവനക്കാരുടെ എണ്ണം അനുവദനീയമായ സാങ്ഷൻഡ് തസ്തികകളേക്കാൾ കൂടുതൽ ആണെങ്കിലും

ശമ്പള പ്രോസസ്സിംഗ് ഇനിമുതൽ അനുവദനീയമല്ല എന്നും അറിയിക്കുന്നു.

V. ആരംഭഘട്ടത്തിൽ, മേല്പറയുന്ന നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പിലും ധനകാര്യ വകുപ്പിന്റെ ഭരണപരമായ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള നാഷണൽ സേവിങ്സ്, ട്രെഷറി, സംസ്ഥാന ഓഡിറ്റ്, സംസ്ഥാന ഇൻഷുറൻസ് വകുപ്പുകളിലും കേരള സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിലും ഉടൻ പ്രാബല്യത്തിൽ നടപ്പിലാക്കുന്നതിനാൽ വിവരങ്ങൾ 2025 നവംബർ മാസത്തെ ശമ്പളബില്ല് തയ്യാറാക്കുന്നതിനു മുൻപ് അപ്ഡേറ്റ് ചെയ്യണമെന്ന് അറിയിക്കുന്നു.

**കെ.ആർ ജ്യോതിലാൽ ഐ.എ.എസ്.**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ് -II ), കേരള, തിരുവനന്തപുരം.
എല്ലാ ഗവൺമെൻറ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ, പ്രിൻസിപ്പൽ സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ,ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ. (ഇ ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)
എല്ലാ ഭരണ വകുപ്പുകൾക്കും (ഇ ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)
എല്ലാ വകുപ്പ്/ ഓഫീസ് തലവൻമാർ. (ഭരണ വകുപ്പ് മുഖേന)
നോഡൽ ഓഫീസർ, www.finance.kerala.gov.in
ചീഫ് പ്രോജക്ട് മാനേജർ, സ്പാർക്ക്.
സ്റ്റോക്ക് ഫയൽ {E: 2220101, EXP-A2/461/2019-FIN-Part(2)}

ഉത്തരവിന് പ്രകാരം

മാനേജർ, ഐ.ടി.എസ്.എഫ്